# ഗോപാലന്മാരും ഗോമാംസവും

**സുധീർ പണിക്കവീട്ടിൽ**



ചോള രാജാവായ മനു നിധി ചോളൻ പരാതികാർക്കായി കൊട്ടാരത്തിൽ ഒരുക്കി വച്ചിരുന്ന മണിയുടെ മുഴക്കം കേട്ട് വന്ന് നോക്കിയപ്പോൾ അവിടെ ഒരു പശുവിനെയാണു കണ്ടത്. എന്താണു പശുവിന്റെ പരാതിയെന്നന്വേഷിച്ചപ്പോൾ രാജാവിന്റെ മകൻ രഥമോടിച്ചപ്പോൾ വഴിയിൽ കിടന്ന പശുക്കുട്ടിയെ ശ്രദ്ധിക്കാതെ അതിന്റെ പുറത്ത്കൂടി ഓടിച്ച് അതിനെ കൊന്ന് കളഞ്ഞുവെന്നു പശു ബോധിപ്പിച്ചു. (ഭാരതത്തിൽ പശുക്കൾക്ക് സംസാരിക്കാനുള്ള കഴിവുമുണ്ടെന്ന് വിശ്വസിക്കുക. ദേവതയുടെ പ്രതിരൂപമാകുമ്പോൾ അസാദ്ധ്യമായി ഒന്നുമുണ്ടാകില്ലല്ലോ) നീതിമാനായ രാജാവ് സ്വന്തം മകനെ കൊന്ന് കളഞ്ഞ് പശുവിനോട് നീതി പുലർത്തി. പശുക്കൾക്ക് രാജാക്കന്മാർ പോലും വലിയ സ്ഥാനം നൽകിയിരുന്നു. ഒരു ബ്രിട്ടീഷ് സഞ്ചാരി എഴുതിയ കുറിപ്പിൽ ഇന്ത്യക്കരെ ഇങ്ങനെ വിശേഷിപ്പിക്കുന്നു. “അവിടെയുള്ളവർ അരിയും, വേരുകളും പാലും കുടിച്ച് ജീവിക്കുന്നു. അവർ പശുവിന്റെ ചാണകം കൊണ്ട് ചുമരുകൾ മെഴുകുന്നു. പശുവിനെ അവർ ആരാധനയോടെ പരിപാലിക്കുന്നു. ഭാരതത്തിലെ നിരത്തുകളിൽ അലഞ്ഞ് നടക്കുന്ന അയവിറക്കി കിടക്കുന്ന പശുക്കളെ കാണാം. അത് കൊണ്ട് വിദേശ പത്രങ്ങൾ പലപ്പോഴും എഴുതി ഭാരതത്തിന്റെ ഭരണ യന്ത്രം തിരിക്കുന്നവർ പോലും വാഹനങ്ങളിൽ സഞ്ചരിക്കുമ്പോൾ ഉറങ്ങുന്ന പശു ഉണരുന്ന വരെ, അല്ലെങ്കിൽ വഴിയൊഴിഞ്ഞ് പോകുന്ന വരെ അവരുടെ കാറുകളിൽ ക്ഷമയോടെ പുഞ്ചിരിയോടെ കാത്തിരിക്കുന്നുവെന്ന്.

മുസ്ലീം അധിനിവേശത്തോടെയത്രെ ഭാരതത്തിലുള്ളവർ ഗോമാംസം ഭക്ഷിക്കാൻ തുടങ്ങിയതെന്ന് പറയുന്നത് മുഴുവൻ ശരിയാണോ എന്ന കാര്യത്തിൽ സംശയമുണ്ട്.. കാരണം മൃഗ ബലി വേദങ്ങളിൽ കാണുന്നുണ്ട്. അതിൽ യാഗം കഴിച്ച് മൃഗത്തിന്റെ മാംസം പുരോഹിതർ ഭക്ഷിച്ചിരുന്നു. ഖുറാനിൽ പശുവിനെ കൊന്ന് മാംസം ഭക്ഷിക്കാമെന്ന് പറഞ്ഞിട്ടില്ലെന്ന് കാണുന്നു. എന്നാൽ ആടിനെ യാഗം

കഴിക്കുന്നതും ഭക്ഷിക്കുന്നതും കാണുന്നു. ബക്ര എന്ന അറബി വാക്കിനു (Bakra) ആട് എന്നർത്ഥം വരുമ്പോൾ ബഖ്ര (Baqarah) എന്ന പദത്തിനു പശുവെന്നാണ്. ഒരു പക്ഷെ ഭാരതത്തിൽ എത്തിയപ്പോൾ കെ എന്ന അക്ഷരം ക്യു എന്നായതാകാം,. ദുറാനി സാമ്രാജ്യത്തിൻെറ സ്ഥാപകൻ അഹമദ് ഷാ ദുറാനി അമൃതസാറിലെ സ്വർണ്ണ മന്ദിരത്തിലെ വിശുദ്ധ കുളം പശുക്കളെ കൊന്ന ചോര കൊണ്ട് നിറച്ചുവത്രെ. ആടിനേയും ഒട്ടകത്തേയും തിന്ന് ശീലമുണ്ടായിരുന്ന മുസ്ലീമുകൾക്ക് പശു ഇറച്ചി രുചി പകർന്ന് കാണും. ഹിന്ദുക്കൾ ദേവതയായി ആരാധിക്കുന്ന ഒരു ജന്തുവിനെ കശാപ്പു ചെയ്ത് തിന്നുമ്പോൾ ലഭിക്കുന്ന ഒരു പൈശാചിക സംതൃപ്തിയും അതിനു പിന്നിൽ മത ഭ്രാന്തുള്ളവർക്ക് ഉണ്ടായിരിന്നിരിക്കണം. അതെ സമയം അക്ബർ ചക്രവർത്തിയും, റ്റിപ്പു സുൽത്താൻ വരേയും ഗോവധം നിരോധിച്ചിരുന്നു എന്ന് ചരിത്രം രേഖപ്പെടുത്തുന്നു. വാസ്തവത്തിൽ മതം മനുഷ്യരെ തമ്മിൽ അടുപ്പിച്ച് കൊല്ലുന്ന ഒരു ക്രൂരനായി പരിണമിച്ച് പോയി. അതിൽ ഈശ്വരൻ ഇല്ലാതെ പോയി. അത് മനസ്സിലാക്കാൻ കഴിയാതെ ജനം ഇന്നും മത സംഹിതകൾ തപ്പി ദൈനംദിന ജീവിതം ദു:ഖകരമാക്കുന്നു. ബ്രിട്ടീഷ് കാരുടെ ഭരണകാലത്ത് കൽക്കട്ടയിലാണത്രെ ആദ്യത്തെ കശാപ്പ്ശാല ആരംഭിച്ചത്. പശുക്കളെ കൊല്ലാൻ വേണ്ടി റോബർട് ക്ലൈവ് ആദ്യ്മായി കശാപ്പ്[ ശാല തുറന്ന് അനവധി പശുക്കളെ കൊന്ന ശാപം കൊണ്ടത്രെ അദ്ദേഹം നാൽപ്പത്തിയൊമ്പാതമത്തെ വയസ്സിൽ പേന കത്തികൊണ്ട് കഴുത്തിൽ കുത്തി ആത്മഹത്യ ചെയ്തത്. ആ വാർത്ത വന്നപ്പോൾ നിഷക്കളങ്കരായ ഭാരതീയ കർഷകർ വിശ്വസിച്ചു നിർദ്ദോഷികളായ മിണ്ടാപ്രാണികൾ, പശുക്കളെ കൊല്ലാൻ കശാപ്പ്ശാല ഉണ്ടാക്കിയത്കൊണ്ടാണ് അദ്ദേഹം സ്വയം കുത്തിമരിച്ചെതെന്ന്. .

ഭാരതീയൻെറ ശാപം അവൻെറ അന്ധവിശ്വാസമാണ്. പുരാണകഥകളിലെ വീരന്മാർ, അവർ കാണിച്ച ജാലവിദ്യകൾ എല്ലാം ശരിയെന്ന് സങ്കൽപ്പിക്കുന്ന ബാലഹ്രുദയം. അത് അപകടകാരിയാണ്. ഏതെങ്കിലും ദേവൻെറ അഭീഷ്ടം സാധിപ്പിച്ച് കൊടുത്താൽ ദേവൻ കനിയുമെന്ന വിശ്വാസത്തിൽ അമ്പലങ്ങളിലെ ഭ്ണ്ഡാരങ്ങൾ പണവും വില പിടിച്ച വസ്തുക്കളും കൊണ്ട് അവൻ നിറക്കുന്നു. ഭാരതീയർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം കൊടുക്കണമെന്ന് ഉപദേശിച്ച് അത് നടപ്പാക്കിയ ലോഡ് മാക്കുലേ (1835) പറഞ്ഞു. ഇംഗ്ലീഷ് വിദ്യാഭ്യാസം കൊണ്ട് മാത്രമേ ഭാരതീയൻെറ മനസ്സിലെ അന്ധവിശ്വാസങ്ങൾ ഒഴിവാക്കാൻ കഴിയു. ഇംഗ്ലീഷ് വിദ്യാഭ്യാസം നമ്മൾ ഉദ്ദേശിച്ച് രീതിയിൽ മുന്നോട്ട് പോയാൽ മുപ്പത് വർഷങ്ങൾക്ക് ശേഷം സമൂഹത്തിലെ ഉന്നത ശ്രേണിയിൽ ഇംഗ്ലീഷ് പരിജ്ഞാനമുള്ള ഒരു വ്യക്തിയും വിഗ്രഹപൂജയോ അതേ പോലെ അനാചാരങ്ങളോ കൈകൊള്ളില്ല. പാവം മാക്കൂലേ അദ്ദേഹമറിഞ്ഞോ അവർ വിദ്യാഭ്യാസം ലഭിക്കുതോറും ശിലായുഗത്തിലേക്കും അതേപോലെ പുരാണ കാലത്തിലേക്ക് മടങ്ങിപോകുമെന്ന്. മൃഗങ്ങളെ പൂജിക്കരുതെന്ന് ഋഗ്വേദം പറയുന്നെങ്കിലും ഹനുമാനേയും ഗണപതിയേയും ഹിന്ദുക്കൾ പൂജിക്കുന്നുണ്ട്. അതവരുടെ വിശ്വാസമായി ഇന്നേ വരെ (നാളേയും) കരുതിപോരുന്നു. എന്നാൽ അവസരത്തിനൊത്ത് വിശ്വാസങ്ങൾ ഒടിച്ച് ഞെരിക്കുമ്പോൾ ആണ് പ്രശനമുണ്ടാകുന്നത്. സ്വന്തം ആവ്ശ്യത്തിനായി കുരങ്ങിനേയും ആനകളേയും മനുഷ്യർ ഉപദ്രവിക്കുന്നുണ്ട്, കൊല്ലുന്നുണ്ട്.

ചരിത്രത്തിൻെറ താളുകളിൽ നിന്ന് പൊടി തപ്പിയെടുത്ത് അതിൽ ഇന്നത്തെ രീതികൾക്കെതിരായി എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് തുരുപ്പ് ചീട്ടാക്കി നടക്കുന്നവർ വികാരജീവികളാണ്. അവർക്ക് മുഴുവൻ സത്യവും ഉൾക്കൊള്ളാൻ കഴിയുന്നില്ല. മറാത്ത സാമ്രാജ്യം ച്ഛത്രപതി ശിവജിയുടെ നേത്രുത്വത്തിൽ ഹിന്ദവി സ്വരാജ് (ഹിന്ദുക്കളുടെ സ്വയം ഭരണം) എന്ന ആദർശത്തിൽ മുസ്ലീം ഭരണകൂടത്തിനു നേരെ യുദ്ധം ചെയ്തിരുന്നു. ഒരു പക്ഷെ പാനിപ്പറ്റ് യുദ്ധത്തിൽ അഫ്ഗാൻ കാർ പരാജയപ്പെട്ടിരുന്നെങ്കിൽ ഒരു ഹിന്ദു രാഷ്ട്രം ഉടലെടുക്കുമായിരുന്നു. ചരിത്രം പകരുന്ന ദ്രാക്ഷാസവം മോന്തി ആ രാജ്യം വരണമെന്നൊക്കെ ചിലർ ഇന്ന് ദിവാസ്വപനം കാണുമ്പോൾ വെറുതെ കലാപങ്ങൾ പൊട്ടിപ്പുറപ്പെടുന്നു. ചരിത്രം വിദാർത്ഥികളെ വേണ്ട രീതിയിൽ പഠിപ്പിക്കാത്തത് മൂലം ഉണ്ടാകുന്ന ഭവിഷ്യത്തുകൾ ഗുരുതരമാണ്. ഭാരതത്തെ ആക്രമിച്ച ഒരോ ശക്തികളും ജനങ്ങളിൽ ഏൽപ്പിച്ച മുറിവുകളുടെ മുഴുവൻ രൂപവും ഇന്നും കുറെയൊക്കെ മൂടി വക്കുന്നു. ചിലരൊക്കെ ആ മൂടി തുറക്കുമ്പോഴാണ് പള്ളികൾ പൊളിക്കാനും, പുണ്യസ്ഥലങ്ങൾ കയ്യേറാനും അവർ മുതിരുന്നത്. ഭാരതം ഹിന്ദുക്കളുടെ എന്ന് പറയുന്നവർ ഒരു കാര്യം മറക്കുന്നു. <u>അതിൽ അവിടത്തെ പൗരന്മാർ എല്ലാ ഉൾപ്പെടുന്നു. എല്ലാ മതക്കാരും. കാരണം സത്യം ഒന്നേയുള്ളു അതിലേക്കുള്ള വഴികൾ അനേകം എന്ന് ഉദ്ഘോഷിക്കുന്ന സനാതന ധർമ്മകാർക്ക് മറ്റ് മതങ്ങളെ എങ്ങനെ തങ്ങളിൽ നിന്നും വ്യത്യ്സ്ഥരായ്</u>

കാണാൻ കഴിയും.

ഈ ഗോവധ നിരോധനം മറ്റൊന്നുമല്ല. ഹിന്ദുക്കളുടെ ഇഷ്ടദേവനായ ശ്രീ ക്രുഷ്ണൻ മേച്ച് നടന്നുവെന്ന വിശ്വസിക്കപ്പെടുന്ന ഗോക്കളുടെ സന്തതിപരമ്പരകളെ കൊല്ലരുത്. കൊന്നാൽ ശാപമുണ്ടാകും. ഒരു കാലത്ത് സിന്ധു നദീതട തീരത്തെ ജനങ്ങളുടെ സമ്പത്ത് കന്നുകാലികളായിരുന്നു. അവ പാലു കൊടുത്തു, നിലം ഉഴാൻ ഉപയോഗമായി. കൂടാതെ അവയുടെ ചാണകവും മൂത്രവും വളമായി ഉപയോഗിക്കാൻ കഴിഞ്ഞു. അങ്ങനെ ധാരാളം നന്മകൾ നൽകുന്ന ജന്തുക്കളെ കൊല്ലരുതെന്ന് ചിലർക്കൊക്കെ തോന്നി കാണും. അത് പിന്നെ ഭൂരിഭാഗത്തിൻെറ തീരുമാനമായി. അതിൽ പശുവിനു അമ്മയുടെ സ്ഥാനം കിട്ടി. വിചാരിക്കുന്നതൊക്കെ നൽകുന്ന കാമധേനു എന്ന പശു പാലഴിമഥനം ചെയ്യപ്പോൾ പൊങ്ങി വന്നുവെന്നും ഭൂമിയിലെ പശുക്കളൊക്കെ ആ കാമധേനുവിൻെറ അവതാരങ്ങളെന്നും ഭ്കതനായ ഹിന്ദുമത വിശ്വാസി കരുതുന്നു. തന്മൂലം അതിനെ കൊല്ലരുത് എന്ന നിയമവും വന്നു. കൂടാതെ ശിവൻെറ വാഹനമായി കാണിച്ചിരിക്കുന്നത് “നന്ദി” എന്ന കാളയെയാണ്. ഭഗവാൻ ക്രുഷ്ണനെ ഗോക്കളെ മേയ്ക്കുന്ന, സംരക്ഷിക്കുന്ന ഗോപാലനായും നമ്മൾ കാണുന്നു. പശു തരുന്ന പഞ്ചഗവ്യം എന്ന പേരിൽ അറിയപ്പെടുന്ന പാൽ, തൈരു, വെണ്ണ, മൂത്രം, ചാണകം മുതലായവ രോഗങ്ങളെ സുഖപ്പെടുത്താനും, പുണ്യാഹമായും,ദോഷപരിഹാരത്തിനായും ഉപയോഗിക്കപ്പെടുന്നു. കാമധേനുവിൻെറ ചിത്രം കാണിക്കുന്നത് മിക്കാവാറും ദൈവങ്ങളുടെ രൂപത്തോടെയാണ്. അങ്ങനെ ദേവന്മാരുമായി വസിക്കുന്ന ഒരു പുണ്യജീവിയെ എങ്ങനെ കൊല്ലുമെന്ന് അധികമൊന്നും ചിന്താശേഷിയില്ലാത്തവർ ഭയപ്പെടുന്നത് സ്വാഭാവികം. ഈ നശിച്ച ഭൂമിയിൽ ഒരു ബലിയായി തൻെറ വിശുദ്ധ രക്തമൊഴുക്കി അതിനെ പരിശുദ്ധയാക്കാൻ എല്ലാ പശുക്കളേയും കുരുതി കഴിക്കണമെന്ന് ജനം പിൻതുണ നൽകുന്ന ഏതെങ്കിലും വിവരം കെട്ട ഒരു ആൾ ദൈവം പറഞ്ഞാൽ കാണാം ജനം പാവം പശുക്കളെ കൊന്നൊടുക്കുന്നത്. ഒരു കാലത്ത് മ്രുഗങ്ങളെ അങ്ങനെ ജനം കൊന്നിരുന്നത് കൊണ്ട് അതിനു ഒരു വിലക്ക് കൽപ്പിക്കാൻ പശു “ഗോ മാതാ”യാണെന്ന് സങ്കൽപ്പം ഭാരതഭൂമിയിൽ ഉണ്ടായതാണ്. അതാണിപ്പോൾ വീണ്ടും കയ്യും കാലും വച്ച് വന്ന് മനുഷ്യരെ കൊഞ്ഞനം കൊത്തുന്നത്. ഭഗവാൻ ക്രുഷ്ണനെപോലെ ഭാരതീയർ എല്ലാവരും ഗോപാലന്മാരാണെന്നും പശുവിൻെറ രക്ഷയും, ജീവനും അവരുടെ കയ്യിലാണെന്നും പ്രചരിപ്പിച്ച് അതിൽ ഒരു മതഗന്ധം വരുത്തുകയെന്നത് മതഭ്രാന്തന്മാരുടെ അസുഖമാണ്.

ബുദ്ധ മതവും ജൈനമതവും പ്രചാരത്തിലിരിക്കുമ്പോൾ ഹിന്ദുമതം ക്ഷയിച്ച് പോകുമായിരുന്നു. കേരളത്തിൽ നിന്നും ഒരു ശങ്കരാചാര്യർ അതിനെ പ്രബലപ്പെടുത്തിയില്ലായിരുന്നെങ്കിൽ. ഹിന്ദു മതം വേദങ്ങളും ഉപനിഷുത്തുക്കളും, വേദാന്തങ്ങാളും, സ്മ്രുതികളുമൊക്കയായി കിടക്കുന്നെങ്കിലും അതിൻെറ തലപ്പത്ത് ആധികാരികമായി കാര്യങ്ങൾ നിർവ്വഹിക്കാൻ ഒരാളില്ലായിരുന്നു. അങ്ങനെയൊരവ്സ്ഥയിൽ അധ:പതനം ആസന്നമായിരുന്നു. ശ്രീ ശങ്കരൻ ഭാരതത്തിൻെറ നാലു കോണുകളിൽ മഠങ്ങൾ സ്ഥാപിച്ചു അവിടെ മഠാധിപതികളെ നിയമിച്ചു. അതോടൊപ്പം കുറെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും വളർന്ന് വന്നു. പശു ബ്രാഹ്മണനാണെന്ന് പോലും ജനങ്ങളെ വിശ്വസിപ്പിച്ചിരുന്നു.

സിന്ധു നദിയെ ഉച്ചാരണ സുഖം നോക്കി മഹാനായ അലെക്സാണ്ഡർ ചക്രവർത്തി ഇന്ദ് എന്ന് പറയുകയു അതൊഴുകുന്ന പ്രദേശത്തെ ഇന്ത്യയെന്ന് വിളിക്കയും ചെയ്യു. അതിനു ശേഷം പേർഷ്യയിൽ നിന്നും അഫ്ഗാനിൽ നിന്നുമെത്തിയ മുസ്ലീം ആക്രമണകാരികൾ അതിനെ ഹിന്ദ് ( സംസ്ക്രുതത്തിൽ എസ് എന്ന ശബ്ദം പേർഷ്യൻ ഭാഷയിൽ “ഹ്” എന്നാകുന്നു) എന്ന് വിളിച്ചു. അങ്ങനെ അവിടെ താമസിക്കുന്നവർ ഹിന്ദുക്കളായി. വാസ്തവത്തിൽ ഹിന്ദുക്കൾ എന്ന് പറയുന്നത് ഒരു മതത്തിൽ വിശ്വസിക്കുന്നവരെയല്ല. അത് കൊണ്ട് ഹിന്ദുസ്ഥാൻ എന്ന് പറഞ്ഞാൽ ഹിന്ദുക്കളുടെ നാട് എന്ന് പറയുന്നത് ശരിയാകണമെന്നില്ല. ഇന്ന് ഭാരതത്തിൽ നടക്കുന്ന പല സംഘർഷാവസ്ഥക്കും അശാന്തിക്കും കാരണം പഴയ കാര്യങ്ങൾ വായ്മൊഴിയായി കേട്ട് അതിൻെറ സത്യം മനസ്സിലാക്കാതെ ഉണ്ടാകുന്ന നിർഭാഗ്യ സംഭവങ്ങളാണ്.

മുസ്ലീം രാജാക്കന്മാർ ഹിന്ദുക്കളെ മതം മറ്റാൻ ശ്രമിച്ചെങ്കിലും അത് സമാധാനം നഷ്ടപ്പെടുത്തുന്നു എന്ന് മനസ്സിലാക്കിയപ്പോൾ മതം മാറാത്തവർ നികുതി കൊടുത്താൽ മതിയെന്ന് തീരുമാനിച്ചു. മത സഹിഷ്ണുതയില്ലാത്ത ഗസ്നി, ചെങ്കിഷ്ഖാൻ, ടൈമൂർ തുടങ്ങിയവർക്ക് ഹ്രുസ്വകാലം മാത്രമേ ഭരണം

തുടരാൻ സാധിച്ചുള്ളു. നിർബന്ധമായി മതം മാറ്റിയവർക്ക് തിരിച്ച് അവരുടെ മതത്തിലേക്ക് പോകാൻ അക്ബർ ചക്രവർത്തി അനുവദിച്ചിരുന്നു. ഇപ്പോൾ നമ്മൾ കേൾക്കുന്ന ഗർ വാപ്പസി ഒരു പുതിയ സമ്പ്രദായമല്ല. വൈവിധ്യങ്ങളുടെ രാജ്യമെന്ന പേരിൻെറ അർഹത നില നിർത്താൻ ചരിത്രം ആവർത്തിക്കലും, ചരിത്രം ഉണ്ടാക്കലുമാക്കെ വേണമല്ലോ.

ഈ ഗോവധ നിരോധനം ഇന്ത്യ മുഴുവൻ നടപ്പാക്കാൻ പോകുന്ന ഒരു നിരോധനമല്ല. അങ്ങനെ ചെയ്യാൻ ഒരു ഭരണാധികാരിക്കും കഴിയുകയില്ല. പാൽ തരുന്ന പശുവിനെ കൊല്ലരുതെന്ന് പഴയ കാല ജനത വിശ്വസിച്ചിരുന്നെങ്കിൽ അത് ശരിയാണ്. അല്ലാതെ ഒരു പശുവിനേയും കൊല്ലരുതെന്ന് എവിടെ പറഞ്ഞിരിക്കുന്നു. വനവാസ കാലത്ത് ലക്ഷ്മൺ പാകം ചെയ്ത ബാർബെക്യു ചിക്കൻ ( അന്നത്തെ ഭാഷയിൽ കനലിൽ ചുട്ടെടുത്ത ഇറച്ചി) കടിച്ച് തിന്ന് കൊണ്ട് സീതദേവിയെ ശ്രീരാമൻ കൊതിപ്പിടിപ്പിച്ചു എന്നൊക്കെ ഭാവന ചെയ്ത് കഴിഞ്ഞ യുഗങ്ങളിൽ മനുഷ്യർ മാംസഭുക്കുകളായിരുന്നുവെന്ന് പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. മാത്രമല്ല പുരാതന ഭാരതത്തിലെ യജ്ഞ ശാലകളിൽ നിന്ന് കേട്ടിരുന്ന മ്രുഗങ്ങളുടെ രോദനം ഏത് ശിലാഹ്രുദയത്തേയും അലിയിപ്പിക്കുന്നതായിരുന്നത്രെ. ബിംബിസാരൻെറ കൊട്ടരത്തിലെ അടുക്കളയിൽ പാകം ചെയ്യാൻ വേണ്ടി ആട്ടി തെളിച്ച് കൊണ്ട്പോയിരുന്ന ആട്ടിൻ കൂട്ടത്തിൽ മുടന്തനായ ഒരു ആട്ടിൻ കുട്ടിയൂണ്ടായിരുന്നു. അതിനെ തോളിലെടുത്ത് ബുദ്ധദേവൻ കൊട്ടരത്തിൽ ചെന്ന് രാജാവിനോട് ജന്തു ഹത്യ ചെയ്യരുതെന്ന് അപേക്ഷിച്ചു. അപേക്ഷ കൈകൊണ്ടെങ്കിലും മിതമായ തോതിൽ അത് തുടർന്ന് കൊണ്ടിരുന്നു. എന്തും അമിതമാകുമ്പോൾ അതിനു ഒരു വിലക്ക് വരിക സാധാരണയാണ്.

നമ്മുടെ ഭാരതത്തിൽ നടക്കുന്നത് വെറും രാഷ്ട്രീയ തട്ടിപ്പുകളാണ്. അത് കൊണ്ട് കാര്യലാഭമുണ്ടാകുന്നവർ ഉണ്ടാകും. കേരളത്തിൽ സുധീരൻ മദ്യനിരോധനം കൊണ്ട് വന്ന പോലെ ഇതും “ദേ വന്നു, ദേ പോയി” എന്ന പറഞ്ഞ പോലെയാകും. മനുഷ്യരെ ബോധവൽക്കരിച്ച്കൊണ്ടിരിക്കയാണു ഇത്തരം അവസരങ്ങളിൽ ഉചിതമായിട്ടുള്ളത്.

**ശുഭം**